# WEEKLY EDITORIAL ANALYSIS – THE HINDU

28/03/22 - 02/04/22

www.acharyainfo.com

## Identity and privacy - 31-03-22

ജയിൽ വാസികളുടെ ബയോളജികലും ബയോമെട്രിക്കലുമായ വിവരങ്ങൾ ശേഖരിക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനം ചർച്ചകൾക്ക് വഴിവെക്കുകയാണ്. നിലവിൽ ഇവരുടെ വിരലടയാളവും ശാരീരികമായ അളവുകളും ഫോട്ടോഗ്രാഫുകളും ശേഖരിക്കുന്നുണ്ട്. അതിന് പുറമെയാണ് ബയോമെട്രിക്കലായ വിവരങ്ങൾകൂടി ശേഖരിക്കാൻ ഒരുങ്ങുന്നത്. ഇത് അനുവദിക്കുന്ന ക്രിമിനൽ പ്രൊസീഡ്യുർ (ഐഡന്റിഫിക്കേഷൻ) ബിൽ 2022 ലോകസഭയിൽ അവതരിപ്പിച്ചുകഴിഞ്ഞു.

ഈ ബില്ലിനെ പല അംഗങ്ങളും 'പുട്ടുസ്വാമി കേസി'ലെ സുപ്രീം കോടതി വിധിയുടെ ലംഘനമായാണ് കാണുന്നത്. വിധിപ്രകാരം സ്വകാര്യത എന്നത് മൗലികാവകാശമാണ്. മാത്രമല്ല ഭരണഘടനയിലെ ഇരുപതാം വകുപ്പിന്റെ ലംഘനമായും പലരും ഈ ബില്ലിനെ കാണുന്നു.

സ്വകാര്യതയും വിവരസുരക്ഷയുമായി ബന്ധപ്പെട്ട ആശങ്കകൾ തള്ളിക്കളയാനാകുന്നതല്ല. ഇത്തരത്തിൽ സ്വകാര്യവിവരങ്ങൾ ശേഖരിക്കുകയും സൂക്ഷിക്കുകയും ചെയ്യുന്നത് ശക്തമായ വിവരസംരക്ഷണ നിയമം പ്രാബല്യത്തിൽ വന്നതിന് ശേഷമാകുന്നതാകും ഉചിതം.

ACHARYA
An influential mentor

## 01-04-22 - Cohesion, Co-Operation

ബേ ഓഫ് ബംഗാൾ ഇനിഷ്യറ്റീവ് ഫോർ മൾട്ടി സെക്ടറൽ ടെക്നിക്കൽ ആൻഡ് ഇക്കണോമിക് കോപ്പറേഷ'ന്റെ യോഗത്തിൽ വെച്ച് സംഘടന ഒരു ചാർട്ടർ അംഗീകരിച്ചത് 25 വർഷം പഴക്കമുള്ള സംഘടനക്ക് പുതിയ ഊർജ്ജം നൽകിയിരിക്കുകയാണ്. ഇപ്പോഴത്തെ ആശങ്കാജനകമായ ആഗോള സാഹചര്യത്തിലാണ് ഇതെന്നത് ശ്രദ്ധേയമാണ്. പുതിയ ചാർട്ടറും ഒപ്പം സംഘടനയുടെ 'സുരക്ഷാ പില്ലർ' ഇന്ത്യ ഏറ്റെടുക്കാനുള്ള സംഘടനയുടെ തീരുമാനവും മേഖലയിലെ ഇന്ത്യയുടെ ശ്രമങ്ങൾക്ക് പുതിയ ദിശ പകർന്നു നൽകുകയാണ്. മേഖലയിലെത്തന്നെ മറ്റൊരു സംഘടനയായ 'സാർക്ക്'ന്റെ പ്രാധാന്യം നഷ്ട്ടപ്പെടുന്ന സാഹചര്യവും ഇവിടെ കാണാം.

ഇന്ത്യ-പാക്കിസ്ഥാൻ പ്രശ്നങ്ങളിൽ ബന്ധിക്കപ്പെട്ടു കിടക്കുന്ന സാർക്ക്'ൽ നിന്നും വ്യത്യസ്തമായി അംഗരാജ്യങ്ങൾ തമ്മിലുള്ള പ്രശ്നങ്ങളിൽ നിന്നും സ്വതന്ത്രമാണ് 'ബിംസ്ടെക്'. 'റോഹിൻഗ്യാസ്' പ്രശ്നം പോലുള്ള വിഷയങ്ങൾ നിലനിൽക്കുന്നതുകൊണ്ടുതന്നെ സംഘടനയുടെ വിജയകരമായ മുന്നോട്ടുപോക്കിന് അംഗരാജ്യങ്ങൾ പരസ്പരവും സംഘടന എന്ന നിലയിലും കൂടുതൽ ചർച്ചകൾ സാധ്യമാകേണ്ടതുണ്ട്. ഇന്ത്യയും തങ്ങളുടെ

ബംഗ്ലാദേശുമായും നേപ്പാളുമായും ഉള്ള വിഷയങ്ങൾ സംഘടനയുടെ പ്രവർത്തനത്തെ ബാധിക്കാതെ നോക്കേണ്ടതുണ്ട്.

ഒരു 'ബിംസ്ടെക്' സ്വാതന്ത്രവ്യാപാര കരാർ ആവശ്യമാണെന്ന് പറഞ്ഞ പ്രധാനമന്ത്രി അംഗരാജ്യങ്ങൾക്കിടയിലെ വ്യാപാരബന്ധം കൂടുതൽ ശക്തമാകേണ്ടതിന്റെ ആവശ്യകത ചൂണ്ടികാണിക്കുകയായിരുന്നു. സമുദ്രവിഭവങ്ങളാൽ സമൃദ്ധമായ ശ്രീലങ്കയും മ്യാന്മറും അംഗരാജ്യങ്ങൾ ആയതുകൊണ്ടുതന്നെ ഒരു സ്വാതന്ത്രവ്യാപാര കരാർ അംഗരാജ്യങ്ങൾക്ക് മൊത്തമായി ഗുണം ചെയ്തേക്കും. ആർ.സി.ഇ.പി. പോലുള്ള ചൈനയുടെ സ്വാധീനത്തിലുള്ള വലിയ വ്യാപാര-സംഘടനകളിൽ നിന്നും മാറിനിൽക്കുന്ന ഇന്ത്യയെ സംബന്ധിച്ചിടത്തോളം 'ബിംസ്ടെക്' പോലുള്ള പ്രാദേശിക വ്യാപാരകൂട്ടുകെട്ടുകൾ വലിയ പ്രാധാന്യം അർഹിക്കുന്നവയാണ്.

## 02-04-22 - "Sri Lanka's Rage"

ACHARYA An influential mentor

ശ്രീലങ്കൻ പ്രസിഡന്റിന്റെ വീടിനു മുന്നിൽ വരെയെത്തിയ പ്രതിഷേധം ശ്രീലങ്കയിലെ സാമ്പത്തിക പ്രതിസന്ധിയുടെ ആഴം മനസിലാക്കിത്തരുന്നതാണ്. 2019 ൽ അധികാരത്തിൽ കയറിയ പ്രസിഡന്റിന്റെ തലയിൽ മാത്രം വെച്ചുകെട്ടാവുന്ന ഒന്നല്ല സാമ്പത്തിക പ്രതിസന്ധിയുടെ ഉത്തരവാദിത്തം. അദ്ദേഹം അധികാരത്തിൽ കയറുമ്പോൾ തന്നെ ശ്രീലങ്കയിൽ സാമ്പത്തിക പ്രതിസന്ധി ആരംഭിച്ചിട്ടുണ്ട്. കാര്യങ്ങളിങ്ങനെ ആണെങ്കിലും ഭരണകൂടത്തിന് പൂർണമായും ഉത്തരവാദിത്തത്തിൽ നിന്നും ഒഴിഞ്ഞു മാറാൻ കഴയില്ല. വരുമാന നികുതിയുടെ പരിധി ഉയർത്തിയ തീരുമാനം വലിയ രീതിയിൽ വരുമാന നഷ്ടം രാജ്യത്തുണ്ടാക്കി. കൂടാതെ കെമിക്കൽ വളങ്ങൾ പെട്ടെന്ന് നിരോധിച്ച നടപടി ഉത്പാദനത്തെയും, ഭക്ഷ്യസുരക്ഷയേയും ബാധിച്ചു.

ശ്രീലങ്കയുടെ സാമ്പത്തിക പ്രതിസന്ധിയുടെ പ്രധാന കാരണമായി ചൂണ്ടിക്കാണിക്കാൻ കഴിയുന്നത് ഉയർന്ന പലിശനിരക്കിൽ വലിയതോതിലെടുത്ത വിദേശകടമാണ്. എങ്കിലും സാമ്പത്തിക അച്ചടക്കമില്ലാമ, പൊതുസ്വത്തു ദൂർത്തടിക്കൽ, പണനയങ്ങളിലെ അപാകതകൾ തുടങ്ങിയവയും സാമ്പത്തിക പ്രതിസന്ധിയിലേക്ക് നയിച്ചവയാണ്. വലിയ രീതിയിൽ ഇറക്കുമതിയെ ആശ്രയിക്കുന്ന രാജ്യമാണ് ശ്രീലങ്ക. അതിനാവശ്യമായ വിദേശ പണം ലഭിക്കുന്നത് പ്രധാനമായും വിനോദസഞ്ചാര മേഖലയിൽ നിന്നാണ്. 2019 ഈസ്റ്റർ ദിനത്തിലുണ്ടായ ബോംബ് സ്ഫോടനം വിനോദ സഞ്ചാര മേഖലയിൽ നിന്നുള്ള വരുമാനത്തെ സാരമായി ബാധിച്ചു. തുടർന്ന് മഹാമാരിയുണ്ടാക്കിയ ആഘാതം ടൂറിസം മേഖലയെ വലിയ തോതിൽ തകർത്തു. 2 .40 ബില്യൺ അമേരിക്കൻ

ഡോളറിന്റെ സാമ്പത്തിക സഹായം ഇന്ത്യ പ്രഖ്യാപിച്ചിട്ടുണ്ട്. അന്താരാഷ്ട്ര നാണ്യ നിധിയെയും ശ്രീലങ്കയ്ക്കിനി ആശ്രയിക്കേണ്ടിവരും.

ACHARYA
An influential mentor